സ്ഥിരം സമിതി അദാലത്ത് – ഉപജില്ലാ സമിതി 4 ന്റെ പരിധിയിൽ വരുന്ന കോട്ടായി ഗ്രാമ പഞ്ചായത്തിലേയും മാത്തൂർ ഗ്രാമ പഞ്ചായത്തിലെയും പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 16.06..2025 തീയതിയിൽ തിങ്കളാഴ്ച പകൽ 11 മണിക്കും കോട്ടായി ഗ്രാമ പഞ്ചായത്തിലും പകൽ 12.30 ന് മാത്തൂർ ഗ്രാമ പഞ്ചായത്തിലും വെച്ച് ഉപജില്ലാ സമിതി കൺവീനർ ശ്രീ.ഇ. ജെ.ഫോർബി യുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഉപജില്ലാ സമിതി 4 ന്റെ അദാലത്തിലെ ഹാജരും അദാലത്തിൽ പരിഗണിച്ച പരാതികളും അദാലത്ത് തീരുമാനവും ചുവടെ ചേർക്കുന്നു.

ഹാജർ –

ശ്രീ. ഇ.ജെ.ഫോർബി –കൺവീനർ,ഉപജില്ലാസമിതി 4 –
ശ്രീ.രാജേഷ്. എം.സി– അസിസ്റ്റന്റ് ടൗൺ പ്ലാനർ ( അംഗം)
ശ്രീ.അബു സെയ്ത്. – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ( അംഗം)

<u>കോട്ടായി ഗ്രാമ പഞ്ചായത്ത് –</u>

അദാലത്തിൽ പരിഗണിച്ച പരാതികളും അദാലത്ത് തീരുമാനവും

<u>1. ഡോക്കറ്റ് നം.– BPPKD40853000024– ശ്രീ.മുഹമ്മദ് റഫീക്ക്.എം</u>

കോട്ടായി II വില്ലേജിൽ റീ സർവ്വേ നമ്പർ 5/19 ൽ ഉൾപ്പെട്ട ( 0.0271 ,Ha ) സ്ഥലത്ത് താഴത്തെ നില 120.30 ചതരശ്ര മീറ്ററും ഒന്നാം നില 45.10 ചതുരശ്ര മീറ്ററും ആകെ 165.31 ചതുരശ്ര മീറ്റർ വിസ്തൃതയിൽ വാസഗൃഹ കെട്ടിട നിർമ്മാണത്തിന് കെട്ടിട നിർമ്മാണ പെർമിറ്റിനായി ശ്രീ.മുഹമ്മദ് റഫീക്ക്.എം, ഷക്കീല മൻസിൽ, കൃഷ്ണ റോഡ് –678019 എന്നവർ സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തി താഴെ പറയുന്ന ന്യൂനതകൾ അറിയിച്ചിട്ടുള്ളതായി കാണുന്നു

**1.പരിശോധനയിൽ സ്ഥലം പ്ലോട്ട് ഡെവലപ്മെന്റ് ചെയ്തതിൽ ഉൾ പ്പെട്ടതാണ്. എന്നാൽ ഡെവലപ്മെന്റ് പെർമിറ്റ് ആവശ്യമുള്ള പ്ലോട്ടാണോ എന്നതിന്റെ വിശദാം ലഭ്യമാക്കിയിട്ടില്ല.,ആയത് ലൈസൻസിയോട് ആവശ്യപ്പെടേണ്ടതുണ്ട്.**

**2.അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി ന്യൂനതകൾ പരിഹരിച്ച് രേഖകൾ സഹിതം പുന സമർപ്പിക്കേണ്ടതുണ്ട്.**

E. J. FORBY
PEN : 583727
Asst. Director/Internal Vigilance Officer
Office of the Joint Director (LSGD)
Palakkad.

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

AEE

Scanned with OKEN Scanner

3.നിർമ്മാണം നടത്താനുദ്ദേശിക്കുന്ന കെട്ടിടം കെ.പി.ബി.ആർ 2019 ലെ വ്യവസ്ഥകൾക്ക് വിധേയമായി A1 കാറ്റഗറിയിൽ ഉൾപ്പെട്ട എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ച് ഫയൽ സമർപ്പിക്കേണ്ടതാണ്.

അദാലത്ത് വേളയിൽ അപേക്ഷകനെ നേരിൽ കേട്ടതിൽ ടി സ്ഥലം വളരെക്കാലം മുമ്പേ കൈമാറ്റം ചെയ്തിട്ടുള്ളതാണെന്നും ആയത് നിലവിൽ മൂന്നോ നാലോ കൈമാറ്റം കഴിഞ്ഞാണ് ടിയാൻ വാങ്ങിയിട്ടുള്ളതെന്നും വാസഗൃഹം നിർമ്മിക്കാൻ മറ്റ് സ്ഥലങ്ങളൊന്നും, അടിയന്തിരമായി വാസഗൃഹം നിർമ്മിക്കേണ്ട ജീവിതസാഹചര്യത്തിലാണെന്നും ആയതിനാൽ തന്നെ അദാലത്തിൽ ടി വിഷയം പരിഗണിച്ച് ടിയാന് വാസഗൃഹ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അറിയിച്ചു.



അദാലത്ത് സമിതി ടി സ്ഥലം പരിശോധിച്ചു, ഫോട്ടോ ചുവടെ ചേർക്കുന്നു.



E. J. FORBY
Asst. Direct... Office of the ... (LSGD)
Pa...

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

പ്രസ്തുത സ്ഥലം പ്ലോട്ട് ഡിവിഷനുമായി ബന്ധപ്പെട്ട സ്ഥലമാണെന്നും ആയതിന് നിയമാനുസൃത പ്ലോട്ട് ഡിവിഷൻ അനുമതി ആവശ്യമാണെന്നും ബോധ്യപ്പെട്ടു.

*അദാലത്ത് നിർദ്ദേശം –*

ടി വിഷയം അദാലത്ത് കമ്മിറ്റി വിശദമായി പരിശോധിച്ചു. അപേക്ഷകൻ കെട്ടിട നിർമ്മാണം നടത്തുന്നതിന് അപേക്ഷ സമർപ്പിരിക്കുന്ന പ്ലോട്ട് അദാലത്ത് കമ്മിറ്റിയുടെ സ്ഥലപരിശോധനയിൽ പ്ലോട്ട് ഡിവിഷൻ അനുമതി ആവശ്യമുള്ളതായാണ് കാണുന്നത്. ടി പ്ലോട്ട് 2011 ന് മുമ്പായി തന്നെ പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ളതും , ടി പ്ലോട്ട് ഡിവിഷനിൽ ഉൾപ്പെട്ട ഭൂരിഭാഗം പ്ലോട്ടുകളും വളരെക്കാലം മുമ്പേ തന്നെ പ്ലോട്ട് ഉടമ കൈമാറ്റം ചെയ്തതായും ആയത് പിന്നീട് മൂന്നോ നാലോ കൈമാറ്റം നടന്നതായും നിലവിൽ ലഭ്യമായ ആധാരങ്ങൾ പരിശോധിച്ചതിൽ മനസ്സിലായിട്ടുള്ളതാണ്. ആയതിനാൽ മുൻ ഉടമസ്ഥനിൽ നിന്നും പ്ലോട്ട് ഡിവിഷൻ അനുമതിക്കുള്ള അപേക്ഷ ലഭ്യമാക്കുന്നത് പ്രായോഗ്യമല്ലായെന്ന് കാണുന്നു. 2011 ന് മുമ്പ് പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ള സംഗതികളിൽ നിലവിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാത്തതുമാണ്. ആയതിനാൽ ടി വിഷയം സംബന്ധിച്ച് ഉന്നത തലങ്ങളിൽ നിന്നും വ്യക്തത ആവശ്യമുണ്ടെന്ന് കാണുന്നു. ആയതിനാൽ ടി പരാതി ജില്ലാ സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് ഉപജില്ലാ സമിതി തീരുമാനിച്ചു.

2. ഡോക്കറ്റ് നം.– BPPKD40853000024– ശ്രീ.രാജേഷ്.യു

കോട്ടായി II വില്ലേജ് റീ സർവ്വേ നമ്പർ 5/73 ൽ 0.0106 ഹെക്ടർ വിസ്തൃതിയിലുള്ള സ്ഥലത്ത് 46.14 ചതുരശ്ര മീറ്റർ വിസതൃതയിൽ വാസഗൃഹ കെട്ടിടം നിർമ്മിക്കുന്നതിനായി കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിന് ശ്രീ.രാജേഷ്.യു ,പ്രസിഡന്റ് ,ലെൻസ്ഫെഡ്, പറളി യൂണിറ്റ് സമർപ്പിച്ച അപേക്ഷയിൽ കോട്ടായി ഗ്രാമ പഞ്ചായത്ത് സാങ്കേതിക വിഭാഗം സ്ഥലരപരിശോധന നടത്തി ന്യൂനതകൾ അറിയിച്ചിട്ടുള്ളത് കോട്ടായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 29.03.2025 തീയതിയിലെ 400795/BPRL01/GENERAL/2025/1345/(1) നമ്പർ കത്ത് പ്രകാരം അപേക്ഷകന് അറിയിച്ചിട്ടുള്ളത് അദാലത്ത് സമിതി പരിശോധിച്ചു.

അദാലത്ത് വേളയിൽ അപേക്ഷകന് നേരിൽ കേട്ടതിൽ ടി പ്ലോട്ട് 2009.,2010 കാലത്തുതന്നെ അതായത് ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് തന്നെ പ്ലോട്ട്

E. J. FORBY
PEN : 583727
Asst. Director/Internal Vigilance Officer
Office of the Joint Director (LSGD)
Palakkad

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

Scanned with OKEN Scanner

ഡിവിഷൻ നടത്തിയിട്ടുള്ളതാണെന്നും ആയതിനാൽ തന്നെ നിലവിൽ ടി കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ പ്ലോട്ട് ഡിവിഷൻ അനുമതി ആവശ്യമാണെന്നത് പിരശോധിക്കേണ്ടതാണെന്നും ടിയാൻ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ടി പ്ലോട്ട് ടിയാൻ പറഞ്ഞ കാലയളവിൽ പ്ലോട്ട് ഡിവിഷൻ ചെയ്തതിന്റേതായ യാതൊരു രേഖകളും അദാലത്ത് വേളയിൽ ഹാജരാക്കിയിട്ടില്ലാത്തതാണ്.



കൂടാതെ ടി പ്ലോട്ടും ആദാലത്ത് സമിതി നേരിൽ സന്ദർശനം നടത്തി .



***അദാലത്ത് നിർദ്ദേശം –***

ടി വിഷയം അദാലത്ത് കമ്മിറ്റി വിശദമായി പരിശോധിച്ചു. അപേക്ഷകൻ കെട്ടിട നിർമ്മാണം നടത്തുന്നതിന് അപേക്ഷ സമർപ്പിരിക്കുന്ന പ്ലോട്ട് അദാലത്ത് കമ്മിറ്റിയുടെ സ്ഥലപരിശോധനയിൽ

E. J. FORBY
PEN : 583727
Asst. Director/Internal Vigilance Officer
Office of the Joint Director (LSGD)
Palakkad.

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

Scanned with OKEN Scanner

പ്ലോട്ട് ഡിവിഷൻ അനുമതി ആവശ്യമുള്ളതായാണ് കാണുന്നത്. എന്നാൽ ടി പ്ലോട്ട് ഡിവിഷനിൽ ഉൾപ്പെട്ട ഭൂരിഭാഗം പ്ലോട്ടുകളും വളരെക്കാലം മുമ്പേ പ്ലോട്ട് ഉടമ കൈമാറ്റം ചെയ്തതായും ആയത് പിന്നീട് മൂന്നോ നാലോ കൈമാറ്റം നടന്നതായും നിലവിൽ ലഭ്യമായ ആധാരങ്ങൾ പരിശോധിച്ചതിൽ മനസ്സിലായിട്ടുള്ളതാണ്. ആയതിനാൽ മുൻ ഉടമസ്ഥനിൽ നിന്നും പ്ലോട്ട് ഡിവിഷൻ പെർമിഷൻ അനുമതിക്കുള്ള അപേക്ഷ ലഭ്യമാക്കുന്നത് പ്രായോഗ്യമല്ലായെന്ന് കാണുന്നു. 2011 ന് മുമ്പ് പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ള സംഗതികളിൽ നിലവിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാത്തതുമാണ്. ആയതിനാൽ ടി വിഷയം സംബന്ധിച്ച് ഉന്നത തലങ്ങളിൽ നിന്നും വ്യക്തത ആവശ്യമുണ്ടെന്ന് കാണുന്നു. ആയതിനാൽ ടി പരാതി ജില്ലാ സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് ഉപജില്ലാ സമിതി തീരുമാനിച്ചു.

***<u>മാത്തൂർ ഗ്രാമ പഞ്ചായത്ത്.</u>***

***<u>ഡോക്കറ്റ് നം. BPPKD40856000012.</u>*** – ശ്രീ: റഷീദ്

കരുതലും കൈതാങ്ങും അദാലത്തിൽ ശ്രീ.റഷീദ് സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് ശ്രീ.റഷീദ്.എസ് S/O സെയ്താലി ,റയ്യാൻ,ആനിക്കോട് ,കരിയംകോട് പോസ്റ്റ് ,പാലക്കാട് എന്നവർ ബഹു ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ ആയത് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും പരിതിക്കാരന് മറുപടി നൽകുന്നതിനും നടപടി വിവരം റിപ്പോർട്ടും ചെയ്യുന്നതിനും ബഹു.ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

പരാതിയിൽ ഉള്ളടക്കം ചെയ്തിട്ടുള്ള വിവരങ്ങൾ പരിശോധിച്ചതിൽ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് ബഹു.ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ നടപടി സ്വീകരിക്കുന്നതിന് കത്ത് നൽകിയതിൽ നടപടി സ്വീകരിക്കുന്നതിന് വീഴ്ചവരുത്തിയെന്നും ഫയലിലുള്ള വസ്തുതകൾ മറച്ചുവെച്ച് എതിർകക്ഷിയുടെ സ്വാധീനത്തിനും മറ്റും വഴങ്ങി മാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും സെക്ഷൻ ക്ലർക്കും കപടമായ രീതിയിലൂടെ റിപ്പോർട്ട് സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും , പരാതിയുടെ അടിസ്ഥാനത്തിൽ മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണെന്നും ശേഷം എതിർ കക്ഷി ബഹു.ഹൈക്കോടതിയെ

E. J. FORBY
PEN : 583727
Asst. Director/Internal Vigilance Officer
Office of the Joint Director (LSGD)
Palakkad

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

AEE

Scanned with OKEN Scanner

സമീപിച്ച് ( WP(C)19597/2021) നമ്പർ വിധിയുള്ളതുമാണെന്നും , ആയതിൽ വന്നിട്ടുള്ള നടപടി ക്രമങ്ങൾ ശരിയായ രീതിയിൽ നടത്തിയെടുക്കേണ്ടത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണെന്നും ആയതിന് വീഴ്ചവരുത്തിയതിനാലാണ് ബഹു.ജില്ലാ കളക്ടറെ സമീപിച്ചതെന്നും അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി ടിയാനെ നേരിൽ കേട്ടപ്പോൾ ടി കാര്യം ബോധിപ്പിച്ചിട്ടുണ്ടെന്നും ,ആയത് പ്രകാരം ഭൂരേഖ താഹ്സിൽദാർക്ക് കത്ത് അയച്ചിട്ടുള്ളതുമാണെന്നും, പിഴവുകളും ക്രമക്കേടുകളും സെക്രട്ടറിയെ രേഖാമൂലം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും എന്നാൽ മറികടന്ന് ബഹു.ഹൈക്കോടതിയെ അറിയിക്കാതെ കെട്ടിട നമ്പർ അനുവദിക്കുകയായിരുന്നുയെന്നും എതിർ കക്ഷിയുടെ അധാരത്തിലുള്ള വസ്തുവിവര പട്ടികയും ഗ്രാമ പഞ്ചായത്തിൽ നൽ കിയിട്ടുള്ള സൈറ്റ് പ്ലാൻ ,എലവേഷൻ പ്ലാൻ ,താലൂക്ക് സർവ്വേയർ നൽകിയിട്ടുള്ള സ്കെച്ച് എന്നിവ ഒത്തുനോക്കിയാൽ വ്യത്യാസം കാണാൻ കഴിയുമെന്നും ബഹു,കലക്ടർക്ക് നൽകിയിട്ടുള്ള റിപ്പോർട്ടിൽ എതിർകക്ഷിയുടെ മൊത്തം വിസ്തീർണ്ണം കാണിച്ചുള്ള പട്ടികയും ,സർവ്വേ അപ്പീൽ നൽകിയിട്ടില്ലെന്നുള്ള വിവരവും വാസ്തവവിരുദ്ധവുമാണെന്നും,ആയതിലേക്കുള്ള തെളിവുകൾക്കായി രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നതായും കൃത്യനിർവ്വഹണത്തിൽ കാണിക്കുന്ന കാപട്യത്തിനെതിരെ നടപടിയെടുക്കണമെന്നും അപേക്ഷിച്ചാണ് ശ്രീ.റഷീദ് എസ് എന്നയാൾ ബഹു.കലക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ടി പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ മാത്തൂർ ഗ്രാമ പഞ്ചായത്തിലെ മാത്തൂർ വില്ലേജ് 2 ബ്ലോക്ക് 13 റീ സർവ്വേ നം.165/17 ൽ ഉൾപ്പെട്ട 0.0648 ഹെക്ടർ സ്ഥലത്ത് വാസഗൃഹ നിർമ്മാണത്തിനായി ശ്രീ.മുസ്തഫ.എസ്, എ.എസ്.,സി വീട് ,ആനിക്കോട് എന്നവരുടെ കെട്ടിട നിർമ്മാണത്തിന് മാത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും 19.02.2021 തീയതിയിൽ എ 1-1839/2020 നമ്പർ സ്റ്റോപ്പ് നോട്ടീസ് നൽകിയിട്ടുള്ളതും ആയതിനെതിരെ ശ്രീ.മുസ്തഫ.എസ് ബഹു.ഹൈക്കോടതിയിൽ റിട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിലെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട പരാതിക്കാരേയും അപേക്ഷകനേയും നേരിൽ കേട്ടും ,ആലത്തൂർ താഹ്സിൽദാരുടെ ( ഭൂരേഖ) സ്കെച്ചിന്റെ അടിസ്ഥാനത്തിലും, മാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 13/07/2022 തീയതിയിലെ എ 1/1833/20 നമ്പർ ഉത്തരവ് പ്രകാരം ടി സറ്റോപ് നോട്ടീസ് റദ്ദ് ചെയ്ത് ടി കെട്ടിട നിർമ്മാണത്തിന് കെട്ടിട

E.J. FORBY
PEN : [illegible]2727
Asst. Director/Internal Vigilance Officer
Office of the Joint Director (LSGD)
Palakkad.

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

Scanned with OKEN Scanner

നമ്പർ അനുവദിച്ചതായി കാണുന്നു. ആയതിനെതിരെ നിലവിൽ ആലത്തൂർ മുൻസിഫ് കോടതിയിൽ കേസ് നിലവിലുണ്ട്.

*അദാലത്ത് നിർദ്ദേശം –*

ടി വിഷയം സംബന്ധിച്ച് നിലവിൽ ആലത്തൂർ മുൻസിഫ് കോടതിയിൽ കേസ് നിലവിലുള്ളതിനാലും, ടി വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലായതിനാലും, ബഹു.കോടതിയിൽ നിന്നുമുള്ള അന്തിമ ഉത്തരവിന് വിധേയമായി മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുയെന്നതിനാലും, ബഹു.കോടതിയിൽ നിന്നുമുള്ള അന്തിമ വിധി പ്രകാരം ടി ഫയലിൽ നടപടി സ്വീകരിക്കുന്നതിന് മാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് അദാലത്ത് സമിതി തീരുമാനിച്ചു.

രാജേഷ് എം. സി.
അസിസ്റ്റന്റ് ടൗൺ പ്ലാനർ

E. J. FORBY
PEN : 583727
Asst. Director/Internal Vigilance Officer
Office of the Joint Director (LSGD)
Palakkad.

Scanned with OKEN Scanner